# റിയൽ ലൈഫ് വോയ്സ്

## REAL LIFE VOICE

Monthly

Volume 15
Issue 4

**April 2026**

Price:Rs.5/-
Pages 24

“അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു” **(കൊലൊസ്യർ 1:28–29)**

REAL LIFE VOICE
KOTTEKAD, KUTTUR P.O.,
THRISSUR, KERALA -680 013

# R E A L  L I F E  V O I C E

| Volume 15 | Issue 4 | April 2026 | Pages 24 | Rs.5/ |
|---|---|---|---|---|

**Annual Subscription:** Rs.60/-



Editor:

**Dr. Sebastian M.V.** (PhD)

**Ph: 95 44 557 557**

**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in



**Book No.**

**172**


## ഉള്ളടക്കം


പേജ്

- **ആർഎസ്എസിന്റെ മുന്നേറ്റം** 3
- **പ്രതികരണങ്ങൾ** 7
- **ആസ്യയിലെ ഏഴ് സഭകൾ** (26) 8
- **യോനാ (പുസ്തകപഠനം)** (21) 11
- **കുടുംബജീവിതം:** പ്രായോഗികചിന്തകൾ(6) 14
- **ഒരുമിച്ച് 50 വർഷങ്ങൾ** (Episode 6) 17
- **ഓരോരോ ജന്മങ്ങള്!** (22) 21
- **കനൽ (കാർട്ടൂൺ)** (1) 22
- **ഭാര്യ വേലക്കാരിയല്ല** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**



# പത്രാധിപരുടെ കുറിപ്പ്
## (THE EDITOR'S NOTE)

**"നിങ്ങളോട് സത്യം പറയുന്നതുകൊണ്ട്
ഞാൻ നിങ്ങൾക്ക് ശത്രുവായിപ്പോയോ?" (ഗലാത്യർ 4:16)**

# ആർഎസ്എസിന്റെ മുന്നേറ്റം

> കേരളത്തിൽ 10000 ശാഖകൾ ലക്ഷ്യമിട്ട് ആർഎസ്എസ്. 2026 ഒക്ടോബറോടെ സംസ്ഥാനത്തെ പതിനായിരം സ്ഥലങ്ങളിൽ ആർഎസ്എസ് ശാഖകൾ ഉണ്ടാകുമെന്ന് നേതൃത്വത്തിലുള്ള കെ. ബി. ശ്രീകുമാർ പറഞ്ഞു. സംസ്ഥാനത്ത് സംഘടനാസംവിധാനത്തിൽ വിപുലമായ മാറ്റം വരുത്തി സംഘടനയെ പുനഃക്രമീകരിച്ച് കൂടുതൽ പുഷ്ടിപ്പെടുത്തും (2026 മാർച്ച് 24 ലെ പത്രവാർത്ത)

ഡോ. കേശവ് ബലിറാം ഹെഡ്ഗേവർ എന്ന മഹാരാഷ്ട്രക്കാരൻ 1925 ൽ സ്ഥാപിച്ചതാണ് RSS എന്ന സംഘടന. ഇപ്പോൾ 100 വർഷം പൂർത്തിയാക്കിയിരിക്കുന്നു. ഹൈന്ദവതത്വങ്ങൾ മുറുകെപ്പിടിച്ച് ഹിന്ദുവിനെ ഒന്നിപ്പിച്ച് രാഷ്ട്രനിർമ്മാണത്തിൽ പങ്കാളിയാകുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംഘടന രൂപീകരിച്ചത്.

മൂന്നു തവണ RSSനെ കേന്ദ്രഗവൺമെന്റ് നിരോധിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി വധിക്കപ്പെട്ടതിനെത്തുടർന്ന് 1948 ലും (17 മാസം), അടിയന്തരാവസ്ഥകാലത്ത് 1975 ലും (21 മാസം), ബാബ്റിമസ്ജിദ് തകർക്കപ്പെട്ടതിനെത്തുടർന്ന് 1992 ലും (6 മാസം) ആർഎസ്എസ് നിരോധിക്കപ്പെട്ടു. ഓരോ തവണയും കൂടുതൽ കരുത്തോടെ മുന്നോട്ടു വരികയും ചെയ്തു.

**ഭരണഘടനയും മനുസ്മൃതിയും ആർഎസ്എസും**

ഇന്ത്യൻഭരണഘടനയിൽ ആർഎസ്എസ് അസംതൃപ്തരായിരുന്നു. മനുസ്മൃതിയിലെ നിയമങ്ങൾ അതിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നത് അവരെ അസ്വസ്ഥരാക്കി. ഇന്ത്യൻഭരണഘടന വിദേശീയമാണെന്നും ഇതിൽ ഭാരതീയമായതൊന്നും ഇല്ലെന്നും അവർ കുറ്റപ്പെടുത്തി.

ഭരണഘടനയുടെ ശില്പിയായ ഡോ. ബി. ആർ. അംബേദ്കർ 1927 ൽ പരസ്യമായി മനുസ്മൃതി കത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഇന്ത്യൻഭരണഘടനയിൽ മനുസ്മൃതിയിലെ ഒരു കാര്യം പോലും വരുന്നതല്ല എന്ന് മുന്നമേ വ്യക്തമായിരുന്നു. മനുസ്മൃതി എന്ന പുസ്തകത്തിലെ നിയമങ്ങളുടെ ദോഷം ജീവിതത്തിൽ നന്നായി അനുഭവിച്ചിട്ടുള്ള വ്യക്തിയാണ് ഡോ. അംബേദ്കർ. മഹാരാഷ്ട്രയിൽ ജനിച്ച അദ്ദേഹം മഹർ എന്ന ജാതിക്കാരനായിരുന്നു. അത് ഏറ്റവും താണ ജാതിയായിരുന്നു. അവരെ തൊട്ടാൽ മറ്റുള്ളവർ അശുദ്ധരാവുമത്രേ!

ജാതിവ്യവസ്ഥയേയും തൊട്ടുകൂടായ്മയെയും പ്രോത്സാഹിപ്പിക്കുന്ന പുസ്തകമാണ് മനുസ്മൃതി. ഇന്ത്യൻഭരണഘടനയുടെ മുഖമുദ്രയായ സമത്വം (Equality) എന്ന ആശയത്തിന് നേർവിപരീതമാണ് മനുസ്മൃതി. സ്ത്രീകളെക്കുറിച്ച് ഈ ഗ്രന്ഥം പറയുന്നത്, *ന സ്ത്രീ സ്വാതന്ത്ര്യമർഹതി* (സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ല) എന്നാണ് (മനുസ്മൃതി 9:3). ഈ ആശയത്തിനു വിപരീതമായാണ് ഇന്ത്യൻഭരണഘടന തയ്യാറാക്കിയിരിക്കുന്നത് എന്നത് അഭിമാനകരമായ കാര്യം തന്നെയാണ്.

ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ സമൂഹത്തെ നിറത്തിന്റെയും തൊഴിലിന്റെയും അടിസ്ഥാനത്തിൽ വിഭജിക്കുകയും ഓരോരുത്തർക്കും തുല്യനീതി വേണ്ട എന്നു പഠിപ്പിക്കുകയും ചെയ്യുന്ന പൊട്ടപ്പുസ്തകമാണ് മനുസ്മൃതി. ബ്രാഹ്മണൻ ശൂദ്രനെ നിന്ദിച്ചാൽ 12 പണം ശിക്ഷയർഹിക്കുന്നു (8:264). എന്നാൽ ശൂദ്രൻ ബ്രാഹ്മണനെയാണ് നിന്ദിച്ചതെങ്കിൽ അവന്റെ നാക്ക് മുറിക്കണം (8:267). സമൂഹത്തിൽ ഉച്ചനീചത്വങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പുസ്തകം! വെറുതെയല്ല അംബേദ്കർ അത് പരസ്യമായി കത്തിച്ചത്.

### ക്രിസ്ത്യാനിയും മുസ്ലീമും ആർഎസ്എസും

സംഘപരിവാറിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ആർഎസ്എസ് സംഘടന പലപ്പോഴും 'വർഗ്ഗീയവിഷം തുപ്പുന്നവർ' എന്ന പേരുദോഷം കേൾപ്പിച്ചിട്ടുണ്ട്. മതന്യൂനപക്ഷങ്ങളെയും ദളിതരെയും തല്ലിയൊതുക്കുന്നതിലും തല്ലിയോടിക്കുന്നതിലും ഇവർ മുൻനിരയിൽ നിൽക്കുന്നതായി ഇതു സംബന്ധിച്ച വാർത്തകൾ തെളിയിക്കുന്നു. പശുവിന്റെ പേരിലും മതപരിവർത്തനത്തിന്റെ പേരിലും പോലീസിനേയും സർക്കാരിനേയും ഭരണഘടനയേയും വെറു നോക്കുകുത്തികളാക്കി മാറ്റി, തനി തറ ഗുണ്ടായിസം കാണിക്കുന്നതിന് ആർഎസ്എസ് മുൻപന്തിയിൽ നിൽക്കുന്നതായി എത്രയോ തവണ തെളിയിച്ചിരിക്കുന്നു. ക്രിസ്ത്യാനിയേയും മുസ്ലീമിനേയും അടിച്ചമർത്താനും നിശബ്ദനാക്കാനും വേണ്ടിയാണോ ഈ സംഘടന പ്രവർത്തിക്കേണ്ടത്?

സുവിശേഷം അറിയിക്കുക എന്നത് ബൈബിൾപ്രകാരം ഓരോ ക്രിസ്ത്യാനിയും ചെയ്യേണ്ട കാര്യമാണ്. അതിന് നമ്മുടെ ഭരണഘടന അനുവാദവും തരുന്നുണ്ട്. എങ്കിലും സുവിശേഷം അറിയിക്കാൻ വരുന്നവരോട് ഗുണ്ടായിസം കാണിച്ച് അവരെ ഓടിപ്പിക്കാൻ ആരാണ് ഇവർക്ക് ലൈസൻസ് കൊടുത്തത്?

**മലക്കം മറിഞ്ഞ് ആർഎസ്എസ്**

സമൂഹത്തിൽ ചാതുർവർണ്ണ്യവും, തൊട്ടുകൂടായ്മയും, പക്ഷഭേദവും എല്ലാം അവതരിപ്പിക്കുന്ന മനുസ്മൃതിയിലെ നിയമങ്ങൾ ഇന്ത്യൻഭരണഘടനയിൽ കൊണ്ടുവന്നില്ലെന്ന് പറഞ്ഞ് ഭരണഘടനയെ എതിർത്തവർ പിന്നീട് ചുവട് മാറ്റി. മഹാത്മാഗാന്ധിയുടെ വധത്തെത്തുടർന്ന് നിരോധിക്കപ്പെട്ട ആർഎസ്എസിന് നിരോധനം മാറിക്കിട്ടാൻ അന്നത്തെ (ആദ്യത്തെ) ആഭ്യന്തരമന്ത്രിയായിരുന്ന സർദാർ വല്ലഭായ് പട്ടേൽ വച്ച വ്യവസ്ഥ ഇപ്രകാരമായിരുന്നു:

> ഇന്ത്യൻഭരണഘടനയോട് കൂറ് പുലർത്തുകയും ത്രിവർണ്ണപതാകയെ ദേശീയപതാകയായി അംഗീകരിക്കുകയും ചെയ്യുന്ന ഒരു ലിഖിത ഭരണഘടന ആർ.എസ്.എസിനുണ്ടായിരിക്കണം.

വല്ലഭായ് പട്ടേലിന്റെ അന്ത്യശാസനത്തിനു മുന്നിൽ മുട്ടുകുത്തുകയല്ലാതെ മറ്റു മാർഗ്ഗമൊന്നും ആർഎസ്എസിന് ഇല്ലായിരുന്നു. പട്ടേൽ പറഞ്ഞത് അനുസരിച്ചില്ലെങ്കിൽ സംഘടന മരിക്കും എന്നു മനസ്സിലാക്കിയ ആർഎസ്എസ് നേതാക്കൾ കളം മാറ്റി ചവിട്ടാൻ നിർബന്ധിതരായി. അന്നത്തെ നേതാവായ എം.എസ്. ഗോൾവൽക്കറിന്റെ നേതൃത്വത്തിൽ 1949 ൽ തയ്യാറാക്കിയ 'രാഷ്ട്രീയ സ്വയം സേവക് സംഘിന്റെ ഭരണഘടന' യിൽ ഗത്യന്തരമില്ലാതെ അവർ എഴുതിയ ചില വാചകങ്ങൾ താഴെ കൊടുക്കുന്നു:

> സംഘത്തിന് ഇന്ത്യൻഭരണഘടനയിലും ദേശീയപതാകയിലും വിശ്വാസമുണ്ട്. കൂടാതെ, രാജ്യത്തെ നിയമങ്ങൾ അനുസരിക്കുകയും ചെയ്യും.
>
> സംഘത്തിന് രാഷ്ട്രീയമില്ല. സാംസ്കാരികപ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കും.

ആഹാ! എത്ര നല്ല കുട്ടികൾ! എന്ത് നല്ല മനസ്സ്! നിരോധനം മാറ്റിക്കിട്ടാൻ വേണ്ടി കളിച്ച കളി ഗംഭീരം! തങ്ങളുടെ നേരെ ഉരുക്കുമുഷ്ടി ഓങ്ങിയ വല്ലഭായ് പട്ടേലിന്റെ പ്രതിമ, 3000 കോടി രൂപ ചെലവാക്കിയിട്ട് സംഘപരി

വാറിലെ ബിജെപിയുടെ നേതൃത്വത്തിൽ പണിതുയർത്തിയത് എന്തിനാണെന്ന് മാത്രം മനസ്സിലായില്ല. ആർഎസ്എസിനെ ബലം പ്രയോഗിച്ച് മൂക്കു കയറിട്ട് നേർവഴിക്ക് കൊണ്ടുവന്ന അതേ വ്യക്തിയെ തന്നെ ഇത്ര കണ്ട് ഉയർത്തിയത് ചരിത്രമറിയാവുന്നവരുടെ നെറ്റിയിൽ എക്കാലവും ചുളിവുകൾ വീഴ്ത്തും.

**കേരളത്തിൽ 10000 ശാഖകൾ**

രാഷ്ട്രീയമില്ലെന്നും സാംസ്കാരികപ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും എഴുതിക്കൊടുത്തിട്ട് നിരോധനം മാറ്റിയെടുത്തവർ അതേ നിലപാടിൽ തന്നെ തുടർന്നിരുന്നുവെങ്കിൽ, ഈ ശാഖകളുടെ എണ്ണത്തിലെ വർദ്ധന ആരിലും സംശയമുളവാക്കില്ലായിരുന്നു. മാത്രമല്ല, ഇന്ത്യൻഭരണഘടനയെ മാനിക്കുന്നുണ്ടെങ്കിലും പ്രശ്നമില്ലായിരുന്നു. എന്നാൽ നിരോധനം മാറ്റിക്കിട്ടാൻ എഴുതിക്കൊടുത്ത കാര്യങ്ങളിൽനിന്നെല്ലാം ആർഎസ്എസ് ബഹുദൂരത്തിലേക്ക് വ്യതിചലിച്ചുകഴിഞ്ഞു.

ഇന്ത്യൻഭരണഘടനയിലെ ആർട്ടിക്കിൾ 25(1) ഇപ്രകാരമാണ്:

> പൊതുക്രമം, ധാർമ്മികത, ആരോഗ്യം എന്നിവയ്ക്കും ഈ ഭാഗത്തിലെ മറ്റു വ്യവസ്ഥകൾക്കും വിധേയമായി, എല്ലാ വ്യക്തികൾക്കും മന:സാക്ഷിയുടെ സ്വാതന്ത്ര്യത്തിനും സ്വതന്ത്രമായി മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും തുല്യഅവകാശമുണ്ട്.

സുവിശേഷസന്ദേശവുമായി വരുന്നവരുടെ നേരെ ഗുണ്ടായിസം നടത്തുന്ന സ്വഭാവം ആർഎസ്എസ് തുടരാൻ പാടില്ല. കാരണം ഭരണഘടന അതിനുള്ള അവകാശം ഞങ്ങൾക്ക് തരുന്നുണ്ട്. ഇന്ത്യൻഭരണഘടന അനുസരിച്ചുകൊള്ളാം എന്ന് എഴുതിക്കൊടുത്തവർ വാക്കു മാറരുത്. 100 കൊല്ലം മാത്രം പഴക്കമുള്ള ആർഎസ്എസ് സുഹൃത്തുക്കൾ കഴിഞ്ഞ 2025 കൊല്ലത്തെ ചരിത്രം പരിശോധിച്ചാൽ ഗുണ്ടായിസത്തിലൂടെ ക്രൈസ്തവമാർഗ്ഗത്തെ ഇല്ലാതാക്കാൻ കഴിയില്ല എന്നു മനസ്സിലാക്കാം.

ഈ പതിനായിരം ശാഖകൾ കേരളത്തിൽ എന്തു സാംസ്കാരികപ്രവർത്തനമാണ് നടത്താൻ പോകുന്നത്? മതിലിന്മേലുള്ള ബൈബിൾ വാക്യം മായിക്കുക, സുവിശേഷപ്രവർത്തകരെ ഭീഷണിപ്പെടുത്തുക, അടിച്ചോടിക്കുക, വീട്ടുപ്രാർത്ഥനകൾ തടയുക, വേറെ ഏതെങ്കിലും വിഭാഗത്തിൽനിന്നുള്ള ആളുകൾ സ്വന്തം താത്പര്യത്തിൽ പ്രാർത്ഥനയ്ക്ക് വരുന്നുണ്ടെങ്കിൽ സംഘം ചേർന്ന് ആക്രമിക്കുക... ഇതൊക്കെയാണോ നിങ്ങൾ നടത്തുന്ന സാംസ്കാരികപ്രവർത്തനം?

**എംവിഎസ്**




**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

## V V George, Manakkody, Thrissur

മാർച്ച് മാസത്തിലെ മാസികയിലെ സഭയെക്കുറിച്ചുള്ള ലേഖനം മികവുറ്റതായിരുന്നു. സഭയിലെ കാര്യങ്ങളെക്കുറിച്ച് വളരെ ശക്തമായി തന്നെ പ്രതിപാദിച്ചിട്ടുണ്ട്. യെശയ്യാപ്രവാചകൻ വളരെ ശക്തമായി കാര്യങ്ങൾ അവതരിപ്പിച്ചിരുന്ന രീതിയിൽ ബ്രദറിനും ചെയ്യാൻ ദൈവം കൃപ നൽകിയതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. അക്കാലത്ത് ചിലർ തങ്ങൾക്ക് അനുവദിക്കാത്ത ശുശ്രൂഷ ചെയ്തതുകൊണ്ടുണ്ടായ പ്രശ്നങ്ങൾ നമുക്കറിയാം. അന്നത്തെ കാര്യങ്ങളെല്ലാം ഇന്നും സഭകളിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ മധ്യത്തിൽ ശക്തമായ രീതിയിൽ എഴുതിയതിന് ദൈവത്തിനു നന്ദി പറയുന്നു. ❍

**കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ**

| Address | Reason |
|---|---|
| Cochin Church of Christ, Kaloor, Kochi | Not known |

**അഡ്രസ്ലിസ്റ്റിൽനിന്ന് ഈ അഡ്രസ്സ് നീക്കം ചെയ്തിട്ടുണ്ട്.**

### അഡ്രസ്സുകൾ അയച്ചുതരിക

ഈ ക്രിസ്തീയമാസിക വായിക്കാൻ താത്പര്യമുള്ളവർക്ക് അത് സൗജന്യമായി അയച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. വരിസംഖ്യ നിർബന്ധമില്ല. അഡ്രസ്സുകൾ 95 44 557 557 എന്ന മൊബൈൽ നമ്പറിൽ വാട്സാപ് ചെയ്യുക. SMS അയച്ചാലും മതി.



26

# ആസ്യയിലെ 7 സഭകൾ

**(വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ)**

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

## സർദ്ദിസിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 3:1-6)

*അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുംകൊണ്ട് എന്നോടുകൂടെ നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും. അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽനിന്നു മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും (3:5)*

### അവർ യോഗ്യന്മാരാകയാൽ

അവർ യോഗ്യന്മാരാണ് എന്ന് കർത്താവാണ് സാക്ഷ്യപ്പെടുത്തുന്നത്. ഇത് മനുഷ്യൻ പറയുന്നതുപോലെയല്ല. മനുഷ്യന് പുറമെയുള്ള കാര്യങ്ങളേ കാണാൻ കഴിയൂ. ആ കാര്യങ്ങളുടെ അടിസ്ഥാനത്തിലേ ഒരാളെ വിധിക്കാൻ കഴിയൂ. ആ വിധി (അഭിപ്രായം) ശരിയാകാനുള്ള സാധ്യതയും തെറ്റാകാനുള്ള സാധ്യതയും ഒരുപോലെയുണ്ട്. നാം യോഗ്യന്മാരാണോ എന്ന് മനുഷ്യർ പറയുകയോ പറയാതിരിക്കുകയോ ചെയ്യട്ടെ; കർത്താവ് നമ്മെക്കുറിച്ച് നല്ലത് പറയണം. അതിനാണ് നാം ഉത്സാഹിക്കേണ്ടത്.

### വെള്ള ധരിച്ചുംകൊണ്ട്

ബൈബിൾപ്രകാരം വിശുദ്ധിയെ കാണിക്കുന്ന നിറമാണ് വെള്ള. നാം അനേകം കുറവുള്ളവരാണ്. വിശുദ്ധജീവിതം നയിക്കാൻ പാടുപെടുന്നവരാണ്. പാപം വസിക്കുന്ന ഈ ശരീരത്തിൽ ഇരിക്കുംകാലത്തോളം സമ്പൂർണ്ണവിശുദ്ധി നമുക്ക് സാധ്യവുമല്ല. ചുരുക്കിപ്പറഞ്ഞാൽ, ഇന്ന് നാം കർത്താവിനോടുകൂടെ നടക്കുന്നത് വെള്ള ധരിച്ചല്ലെന്നർത്ഥം. എന്നാൽ ഒരിക്കൽ നമുക്കതിന് അവസരമുണ്ട് എന്നു വ്യക്തമാക്കുകയാണ് കർത്താവ്.

### എന്നോടുകൂടെ നടക്കും

നാം ആരുടെകൂടെ നടക്കുന്നു എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ആരുടെകൂടെയാണ് സ്ഥിരം നടക്കുന്നത് എന്ന് മനസ്സിലാക്കിയാൽ ഒരാൾ എത്ത

രക്കാരനാണെന്ന് പറയാൻ കഴിയും. നഗരത്തിലെ അറിയപ്പെടുന്ന വേശ്യയോടുകൂടെ എപ്പോഴും കാണപ്പെടുന്ന ഒരു യുവതിയെക്കുറിച്ച് അവൾ എത്തരക്കാരിയാണെന്ന് ഊഹിക്കാൻ പ്രയാസമില്ല. നാട്ടിലെ അറിയപ്പെടുന്ന മദ്യപാനിയുടെ കൂടെ എപ്പോഴും കാണപ്പെടുന്ന ഒരുവൻ മദ്യപാനിയാണോ അല്ലയോ എന്നു നിഷ്പ്രയാസം മനസ്സിലാക്കാവുന്നതേയുള്ളൂ.

നാം ആരോടുകൂടെ നടക്കുന്നു എന്നത് സമൂഹം ശ്രദ്ധിക്കുന്നു. അതിൽനിന്ന് അവർ നമ്മുടെ വ്യക്തിത്വത്തെ തിരിച്ചറിയുന്നു. കർത്താവിനോടുകൂടെയാണ് നാം നടക്കുന്നതെങ്കിൽ സമൂഹത്തിന് അത് പെട്ടെന്ന് തിരിച്ചറിയാൻ കഴിയും. കഴിയണം. നമ്മുടെ സ്വഭാവത്തിൽ അതിനനുസരിച്ചുള്ള മാറ്റങ്ങൾ കാണപ്പെടുമല്ലോ.

**ജയിക്കുന്നവൻ**

നമ്മെ തോൽപ്പിക്കാൻ നോക്കുന്ന സാത്താനോടും അവൻ മെനഞ്ഞെടുക്കുന്ന സാഹചര്യങ്ങളോടും നാം ജയിക്കണം. ഒരുവൻ കർത്താവിനെ രക്ഷകനായി അംഗീകരിച്ച് ദൈവപൈതൽ ആയാൽ ആ നിമിഷം മുതൽ അവന്റെ ജയജീവിതം തുടങ്ങുകയായി. പക്ഷേ പല ദൈവമക്കളും തോൽവിയിൽനിന്ന് തോൽവിയിലേക്ക് യാത്ര ചെയ്യുന്നു! അതിനല്ല നാം രക്ഷിക്കപ്പെട്ടത്. നാം എപ്പോഴും ജയിക്കുന്നവരാകാൻ കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.

**വെള്ളയുടുപ്പ് ധരിക്കും**

പാപമയമായ ഈ ശരീരത്തിൽ ജീവിച്ചുകൊണ്ട്, കർത്താവിന്റെ കൃപയിലാശ്രയിച്ച്, പിശാചിനോടും അവന്റെ താത്പര്യങ്ങളോടും പോരാടി ജയിക്കുന്നവന് വെള്ളയുടുപ്പ്  ധരിക്കാനുള്ള (വിശുദ്ധജീവിതം നയിക്കാനുള്ള) അവസരം ലഭിക്കുന്നു. നാം എന്നും പിശാചിനോട് പടവെട്ടേണ്ട കാര്യമില്ല. ഈ ലോകജീവിതത്തിൽ മാത്രമേ അതിന്റെ ആവശ്യമുള്ളൂ. അത് കഴിഞ്ഞാൽ നമുക്ക് ലഭിക്കുന്നത് വിശുദ്ധജീവിതമാണ്. പാപമില്ല. രോഗമില്ല. കണ്ണീരില്ല. ദേഷ്യമില്ല. വിശപ്പില്ല. ഒന്നിനോടും ആസക്തിയില്ല.

**അവന്റെ പേര്**

ഓരോരുത്തരുടെയും പേര് കർത്താവിന് അറിയാം. "ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ" (യെശയ്യാവ് 43:1) എന്നു പറയാൻ അധികാരമുള്ള സർവജ്ഞാനിയാണ് അവിടുന്ന്. നമ്മെ വ്യക്തിപരമായി അറിയുന്ന, നമ്മെ വ്യക്തിപരമായി ശ്രദ്ധിക്കുന്ന ദൈവം! നാം ഓരോരുത്തരുടെയും പേര് കർത്താവിന് അറിയാം എന്നുള്ളത് കർത്താവിന് നമ്മോടുള്ള അടുപ്പവും സ്നേഹവും വെളിപ്പെടുത്തുന്നു.

**ജീവപുസ്തകത്തിൽനിന്ന് മായിച്ചുകളയാതെ**

ജയിക്കുന്നവന്റെ പേര് ജീവപുസ്തകത്തിൽ നിന്ന് മായിച്ചുകളയില്ല എന്നു പറഞ്ഞാൽ സ്വാഭാവികമായും തോൽക്കുന്നവന്റെ പേര് മായിച്ചുകളയും എന്നർത്ഥം വരുന്നുണ്ട്. എങ്കിലും ജീവപുസ്തകത്തിൽനിന്ന് മായിച്ചുകളയുന്ന കാര്യമല്ല, മായിച്ചുകളയാത്ത കാര്യമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ആരുടെയെങ്കിലും പേര് കർത്താവ് ജീവപുസ്തകത്തിൽനിന്ന് മായിച്ചുകളയുമോ എന്ന് ജീവപുസ്തകത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള മറ്റു വാക്യങ്ങളിൽനിന്ന് മനസ്സിലാക്കാം.

"ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതാതിരിക്കുന്ന ഭൂവാസികൾ" എന്ന് വെളിപ്പാട് 17:8 ൽ നാം വായിക്കുന്നു. എന്നാണ് ജീവപുസ്തകത്തിൽ ഓരോരുത്തരുടെയും പേരെഴുതിയിരിക്കുന്നത് എന്ന് ഇവിടെ വ്യക്തമാണ്. ലോകസ്ഥാപനം മുതൽ! (from the foundation of the world). നാം ജനിക്കുന്നതിനു മുമ്പു തന്നെ ജീവപുസ്തകത്തിൽ പേരുകൾ രേഖപ്പെടുത്തിക്കഴിഞ്ഞു. എങ്ങനെ? ദൈവത്തിന്റെ മുന്നറിവിലൂടെ. അങ്ങനെ രേഖപ്പെടുത്തിയിരിക്കുന്ന പേരുകൾ മായിച്ചുകളയേണ്ട ആവശ്യം വരുന്നില്ല.

"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" (വെളിപ്പാട് 20:15). പേര് മായിക്കുന്ന കാര്യം ഇവിടെയും ഇല്ല.

"കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായത് യാതൊന്നും മ്ലേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല" (വെളിപ്പാട് 21:27). ജീവപുസ്തകത്തിൽ പേരെഴുതിയിരിക്കുന്നവർ സുരക്ഷിതരാണെന്നും അവരുടെ പേര് മായിച്ചുകളയുന്നതല്ലെന്നുമുള്ള സൂചന തന്നെയാണ് ഇവിടെയുമുള്ളത്.

**അവന്റെ പേർ ഏറ്റുപറയും**

ഇന്ന് മനുഷ്യരുടെ മുമ്പിൽ കർത്താവിന്റെ പേര് ഏറ്റുപറയാൻ മടിക്കുന്ന ഭീരുക്കളെ കർത്താവിന് താത്പര്യമില്ല. കർത്താവിന്റെ മഹത്വം തിരിച്ചറിഞ്ഞ് അതിനു തക്കവിധം തന്നെ മാനിക്കുന്നവരെയാണ് കർത്താവ് അനുഗ്രഹിക്കുന്നത്. ചിലർക്ക് അനുഗ്രഹം മാത്രം മതി, കർത്താവിനെ ഏറ്റുപറയാൻ തയ്യാറല്ല. കർത്താവിനെ പരസ്യമായി സാക്ഷിക്കുവാൻ നാണം തോന്നുന്നവരും ഭയം തോന്നുന്നവരും യഥാർത്ഥ വിശ്വാസികൾ തന്നെയാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. രഹസ്യമായ ക്രിസ്തീയജീവിതമല്ല, പരസ്യമായ ക്രിസ്തീയജീവിതം നയിക്കാൻ നമുക്കിടയാകണം.

**(തുടരും)**

-എംവിഎസ്-

# യോനാ (പുസ്തക പഠനം) 21

**യോനാ 1:12**

**അവൻ അവരോട്: എന്നെ എടുത്ത് സമുദ്രത്തിൽ ഇട്ടുകൊൾവിൻ. അപ്പോൾ സമുദ്രം അടങ്ങും. എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്ക് തട്ടിയിരിക്കുന്നു എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു.**

എന്നെ എടുത്ത് സമുദ്രത്തിൽ ഇട്ടുകൊൾവിൻ

“ഞങ്ങൾ നിന്നോട് എന്തു ചെയ്യേണ്ടൂ?” (വാക്യം 11) എന്ന് കപ്പൽക്കാരുടെ ചോദ്യത്തിന് മറുപടി പറയുകയാണ് യോന. “എന്നെ എടുത്ത് സമുദ്രത്തിൽ ഇട്ടുകൊൾവിൻ”

ഇതിനു മുമ്പ് അവർ പല സാധനങ്ങൾ കടലിൽ ഇട്ടുകളഞ്ഞതാണ് (വാക്യം 5). പക്ഷേ പ്രയോജനമുണ്ടായില്ല. യഥാർത്ഥത്തിൽ ‘കളയേണ്ട മുതൽ’ യോനാ ആണ്. ഒരു പ്രശ്നമുണ്ടാകുമ്പോൾ അതിൽനിന്ന് രക്ഷപ്പെടാനായി എന്തെങ്കിലും വലിച്ചെറിഞ്ഞാൽ (ഉപേക്ഷിച്ചാൽ) പോരാ; വലിച്ചെറിയേണ്ടത് വലിച്ചെറിയണം.

താൻ നിമിത്തമാണ് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടായത് എന്നു യോനയ്ക്ക് അറിയാം. അതുകൊണ്ട് അവനെ എടുത്ത് സമുദ്രത്തിൽ ഇടാൻ അവൻ തന്നെ പറഞ്ഞു. യോനയ്ക്ക് സ്വയം കടലിൽ ചാടി ചത്തുകൂടെ? അപ്പോൾ അത് ആത്മഹത്യയാവും. ഇനി അങ്ങനെയൊരു പാപവും കൂടി ചെയ്യാൻ അവൻ തയ്യാറല്ല.

ഒന്നു മിണ്ടുമ്പോഴേക്കും ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്നവരാണ് പലരും. “ഞാൻ ചാവും”, “ഇത്തിരി വിഷം വാങ്ങിത്തരോ?”, “നിന്നെ തല്ലിക്കൊന്നിട്ട് ഞാനും ചാവും” (ജയിലിൽ പോകും എന്നല്ല)... ചാകാൻ നടക്കുന്ന തലമുറയിൽ യോന കാണിച്ച ഈ വേറിട്ട മനോഭാവം ശ്ലാഘനീയമാണ് – നിങ്ങൾക്ക് വേണമെങ്കിൽ എന്നെ സമുദ്രത്തിൽ ഇട്ടുകളയാം; ഞാനായിട്ട് ചാടില്ല.

പാപത്തിന്റെയും പിന്മാറ്റത്തിന്റെയും വഴിയിലൂടെ ഇതുവരെ സഞ്ചരിച്ചതിൽ യോന ദു:ഖിതനാണ് എന്ന് ഇവിടെ വ്യക്തമാകുന്നുണ്ട്. ചെയ്തുകൂട്ടിയ തെറ്റുകൾ തിരിച്ചറിയുന്നതും തിരുത്തുന്നതും ആവശ്യം തന്നെ.

ഈ ദുരിതങ്ങൾക്കെല്ലാം കാരണക്കാരൻ യോനായാണ്. സ്വസ്ഥമായും സമാധാനമായും യാത്ര ചെയ്തിരുന്നവരുടെ ജീവിതത്തിൽ പൊടുന്നനെ ദുരിതങ്ങൾ 'സമ്മാനിക്കാൻ' യോനയ്ക്ക് കഴിഞ്ഞു! സ്വസ്ഥമായി കഴിയുന്ന വല്ലവരുടെയും ജീവിതം ദുരിതമാക്കാൻ നാം മൂലം ഇടയായിട്ടുണ്ടോ എന്നു പരിശോധിക്കുക. നമ്മുടെ വാക്കുകൾ, നമ്മുടെ പെരുമാറ്റം, നാം പറഞ്ഞുകൂട്ടുന്ന നുണക്കൂമ്പാരങ്ങൾ ഇതെല്ലാം നിമിത്തം വല്ലവരുടെയും ജീവിതത്തെ കയ്പ് നിറഞ്ഞതാക്കിയിട്ടുണ്ടെങ്കിൽ അത്തരക്കാർ എത്രയും വേഗം അത് തിരുത്തട്ടെ.

**യോനാ 1:13**

**എന്നാൽ അവർ കരയ്ക്ക് അടുക്കേണ്ടതിന് മുറുകെ തണ്ട് വലിച്ചു. എങ്കിലും സമുദ്രം കോപിച്ചു കോൾ പെരുകി വന്നതുകൊണ്ട് അവർക്കു സാധിച്ചില്ല.**

കപ്പലിലുള്ളവർ എത്രയോ മാന്യന്മാർ! അവർ എത്രയോ സ്നേഹമുള്ളവർ! അവർ യോനയെ കടലിൽ വലിച്ചെറിയാൻ തയ്യാറാകുന്നില്ല. പകരം അവർ കാറ്റിനോടു പൊരുതി രക്ഷപ്പെടാൻ നോക്കുന്നു.

യോനായാണ്, യോനാ മാത്രമാണ് പ്രശ്നക്കാരൻ എന്നു അവർക്കറിയാം. താനാണ് പ്രശ്നക്കാരൻ എന്ന് യോനയ്ക്കും അറിയാം. എന്നിട്ടും അവർ യോനയെ കടലിൽ തള്ളിയിടുന്നില്ല! അവർ ഒരു കപ്പലിൽ യാത്ര ചെയ്യുന്നവരാണ്. കൂട്ടത്തിൽ ഉള്ളവനെ ഉപേക്ഷിച്ചു കളയാൻ അവർ തയ്യാറല്ല. യോന കുറ്റക്കാരനെങ്കിലും അവനെ ചേർത്തുപിടിച്ചുകൊണ്ടുള്ള മാർഗ്ഗമാണ് അവർ നോക്കുന്നത്.

ഒരു കപ്പലിലെ യാത്രക്കാർ പരസ്പരമുള്ള സ്നേഹവും അടുപ്പവും കാണിക്കാറുണ്ട്. വിശാലമായ സമുദ്രത്തിൽ അവർ കുറച്ചുപേർ മാത്രം ഒരു കപ്പലിൽ, മറ്റെല്ലായിടത്തുനിന്നും ഒറ്റപ്പെട്ട്, മറ്റുള്ള എല്ലാവരിൽനിന്നും ഒറ്റപ്പെട്ട്... വേറെ ആരുമായും ആശയവിനിമയം ഇല്ല. വേറെ ആരിൽനിന്നും ഒരു സഹായവും ഇല്ല. ആ കപ്പലിൽ അവർ മാത്രം. അവർ തമ്മിലുള്ള അടുപ്പത്തിന്റെ ആഴം ഓരോ ദിവസം പിന്നിടുമ്പോഴും കൂടിവരും. അതുകൊണ്ട് യോനായെ കടലിൽ എറിയാൻ അവർക്ക് മനസ്സു വന്നില്ല.

ഒരുമിച്ച് കഴിയുന്നവരുടെ ഇടയിലെ സ്നേഹം! ഈ സ്നേഹം ദൈവമക്കൾ തമ്മിൽ ഉണ്ടായിരുന്നുവെങ്കിൽ! പെട്ടെന്ന് സ്നേഹബന്ധത്തെ അറുത്തുകളയരുത്. പെട്ടെന്ന് ഒരാളെ പുറത്തേക്ക് വലിച്ചെറിയരുത്. നിരവധി വർഷത്തെ സ്നേഹബന്ധത്തെ ഒരു നിമിഷം കൊണ്ട് ഉപേക്ഷിക്കുന്നവരെ

കണ്ടിട്ടുണ്ട്. അവർക്കത് എങ്ങനെ കഴിയുന്നു എന്ന് ഞാൻ പലപ്പോഴും അതിശയിച്ചുപോയിട്ടുണ്ട്. ദീർഘകാലത്തെ സ്നേഹബന്ധത്തിന് യാതൊരു വിലയും ഇല്ലെന്നോ!

**യോനാ 1:14**

**അവർ യഹോവയോട് നിലവിളിച്ചു: അയ്യോ യഹോവേ, ഈ മനുഷ്യന്റെ ജീവൻ നിമിത്തം ഞങ്ങൾ നശിച്ചുപോകരുതേ. നിർദ്ദോഷരക്തം ചൊരിയിച്ച കുറ്റം ഞങ്ങളുടെ മേൽ വരുത്തരുതേ. യഹോവേ നിനക്ക് ഇഷ്ടമായതുപോലെ നീ ചെയ്തിരിക്കുന്നുവല്ലോ എന്നു പറഞ്ഞു.**

നിർദ്ദോഷരക്തം

യോനായുടെ രക്തം കുറ്റമില്ലാത്ത രക്തമാണെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. കാരണം യോനാ അവരോട് യാതൊരു തെറ്റും ചെയ്തിട്ടില്ല. കപ്പലിൽ യാത്ര ചെയ്യുന്നതിന് പണം കൃത്യമായി കൊടുത്തിട്ടുണ്ട് (1:3). കപ്പലിൽ സുഖമായി കിടന്നുറങ്ങുകയായിരുന്ന അവൻ ആരോടും മോശമായി ഇടപെട്ടിട്ടുമില്ല. മുറിപ്പെടുത്തുന്ന സംസാരമോ പ്രവൃത്തിയോ അവന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. അവൻ മോഷ്ടിച്ചിട്ടില്ല, ഏഷണി പറഞ്ഞിട്ടില്ല, കൊന്നിട്ടില്ല... പിന്നെന്തിന് അവർ അവനെ കടലിൽ എറിയണം? അതുകൊണ്ട് അവരെ സംബന്ധിച്ചിടത്തോളം യോനയുടെ രക്തം നിർദ്ദോഷരക്തമാണ്.

വാസ്തവത്തിൽ യോനയുടെ പ്രശ്നം മനുഷ്യനോടല്ലായിരുന്നു, ദൈവത്തോടായിരുന്നു. നമുക്ക് മനുഷ്യനോട് പ്രശ്നങ്ങളൊന്നും ഇല്ലായിരിക്കാം. നാം ആരെയും ശല്യപ്പെടുത്താതെയും വേദനിപ്പിക്കാതെയും അടങ്ങിയൊതുങ്ങി ജീവിക്കുന്നവരാകാം. പക്ഷേ ദൈവവുമായി വല്ല പ്രശ്നവുമുണ്ടോ എന്നു നാം ഓരോരുത്തരും പരിശോധിക്കണം. കപ്പലിലുള്ളവർ യോനയെക്കുറിച്ച് നല്ലവൻ, ശല്യമില്ലാത്തവൻ എന്നൊക്കെ അഭിപ്രായമുള്ളവരായിരിക്കാമെങ്കിലും ദൈവത്തിന്റെ നോട്ടത്തിൽ അവൻ അനുസരണമില്ലാത്തവനും നിഷേധിയുമാണ്!

മറ്റുള്ളവർ നമ്മെ നോക്കുമ്പോൾ നാം നിഷ്കളങ്കർ ആയിരിക്കാം. ഭക്തർ ആയിരിക്കാം. ദുർഗുണങ്ങൾ ഇല്ലായിരിക്കാം. ദൈവം നമ്മെ നോക്കുമ്പോൾ എങ്ങനെ? ഇത് നാം ഗൗരവത്തോടെ ചിന്തിക്കണം.

**(തുടരും)**

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക**
**മാസിക അതിൽ നേരത്തേ ലഭിക്കും. 95 44 557 557 എന്ന നമ്പറിലേക്ക്**
**ഇപ്പോൾ തന്നെ വാട്സാപ് സന്ദേശമയയ്ക്കുക**

# കുടുംബജീവിതം: ചില പ്രായോഗിക ചിന്തകൾ

6

**-എംവിഎസ്-**

വിവാഹത്തോടുള്ള ബന്ധത്തിൽ തുടക്കത്തിൽ തന്നെ സംഭവിക്കാവുന്ന ചില തെറ്റുകളെക്കുറിച്ചാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്.

1. സ്ത്രീധനത്തെക്കുറിച്ചുള്ള ചർച്ച
2. നാട്ടുനടപ്പിനെക്കുറിച്ചുള്ള ചർച്ച
3. ഫോണിലൂടെയുള്ള ഇക്കിളി വർത്തമാനം
4. പുറമെനിന്നും ശ്രേഷ്ഠശുശ്രൂഷകനെ വരുത്തുന്നത് (ഇവ നാലിനെ പ്പറ്റിയും നാം കഴിഞ്ഞ ലക്കങ്ങളിൽ ചിന്തിച്ചതാണല്ലോ)
5. **ബ്യൂട്ടീഷന്റെയും വീഡിയോക്കാരുടെയും ഭരണം**

ക്രിസ്തുവും സഭയും ഒരുമിച്ച് ചേരുന്ന ആ സുദിനത്തെ 'കുഞ്ഞാടിന്റെ കല്യാണം' എന്നാണല്ലോ ദൈവവചനമായ ബൈബിൾ വിശേഷിപ്പിക്കുന്നത് (വെളി.19:7). ഭാവിയിൽ സംഭവിക്കാൻ പോകുന്ന ആ സമാഗമത്തിന്റെ പ്രതീകമാണ് ഓരോ വിവാഹവും. അതുകൊണ്ട് ദൈവജനത്തിന്റെ മദ്ധ്യേ നടക്കുന്ന വിവാഹങ്ങളിൽ, ദൈവനാമമഹത്വത്തിന് കളങ്കം വരുത്തുന്ന രീതിയിലുള്ള കാട്ടിക്കൂട്ടലുകൾ ഒഴിവാക്കാൻ നാം പരമാവധി ശ്രമിക്കണം.

ബന്ധുക്കളായ കുഞ്ഞുകുട്ടികൾ മുതൽ മുതിർന്നവർ വരെ അവരവരുടേതായ താത്പര്യങ്ങൾക്കനുസരിച്ച് വിവാഹം 'കളർ' ആക്കാൻ നോക്കുമ്പോൾ, അത് നിമിത്തം ഏതെങ്കിലും ദൈവികപ്രമാണങ്ങൾ ലംഘിക്കപ്പെടുന്നുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടത് സഭാനേതൃത്വമാണ്. എതിർക്കപ്പെടേണ്ടവ എതിർക്കപ്പെടുക തന്നെ വേണം; തടയപ്പെടേണ്ടവ തടയപ്പെടുക തന്നെ വേണം. സഭയിൽ ഒരു വിവാഹം നടന്നുകഴിയുമ്പോഴേക്കും ആ സഭയിൽ ഭിന്നത ഉടലെടുക്കുകയും ആ പ്രാദേശികസഭ പിളർന്നുപോവുകയും ചെയ്യുന്ന കാഴ്ച വളരെ സങ്കടകരം തന്നെ.

**ശുശ്രൂഷകന്മാർ ഔട്ട്!**

ബ്യൂട്ടീഷന്മാരും വീഡിയോക്കാരും അവരവരുടെ ജോലി ഏറ്റവും ഭംഗിയായി ചെയ്യാൻ നോക്കുക സ്വാഭാവികം. പക്ഷേ അത് പലപ്പോഴും കാര്യങ്ങൾ/ശുശ്രൂഷകൾ അവർ നിയന്ത്രിക്കുന്ന സാഹചര്യത്തിലെത്തുവാൻ ഇട




യാകുന്നു! അത് അനുവദിക്കരുത്. സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ ചാലുകളെ സ്വയം തടസ്സപ്പെടുത്തിക്കൊണ്ടുള്ള ഇത്തരം വിവാഹവൈകൃതങ്ങൾക്ക് നാമാരും കൂട്ടുനിൽക്കരുത്. ദൈവമക്കളുടെ വിവാഹങ്ങൾ നടത്തപ്പെടേണ്ടത് ശുശ്രൂഷകന്മാരുടെ സമ്പൂർണ്ണാധിപത്യത്തിൽ ആവണം അങ്ങനെയല്ലാതെ നടത്തപ്പെടുന്ന വിവാഹങ്ങളിൽ, ആ ദമ്പതികൾ എങ്ങനെ അനുഗ്രഹിക്കപ്പെടാൻ! ശുശ്രൂഷകന്മാർ ആദരിക്കപ്പെടാത്തയിടങ്ങളിൽ, അവഹേളിക്കപ്പെടുന്നത് ദൈവവും ദൈവവചനവും ദൈവസഭയും ഒക്കെയാണ്. അത്തരം വിവാഹങ്ങൾ ഒരിക്കലും ശോഭിക്കയില്ല.

**മൂടുപടം ഔട്ട്!**

1 കൊരിന്ത്യർ 11 ൽ, സഹോദരിമാർ തലയിൽ മൂടുപടം ഇടേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടുണ്ട്. പ്രാർത്ഥിക്കുമ്പോൾ ചില മദാമ്മസഹോദരിമാർ തലയിൽ തുണിയിടാറില്ലെന്നും പറഞ്ഞ് നമ്മുടെയിടയിലെ ചില മലയാളിസഹോദരിമാർ തലമൂടുവാൻ വൈക്ലബ്യം കാണിക്കാറുണ്ട്. ചില ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ ന്യായീകരിച്ചുകൊണ്ട്, 'മൂടുപടമൊക്കെ കൊരിന്ത്യസഭയ്ക്കുള്ളതാണ്' എന്നു പറഞ്ഞുനടക്കുന്നതും കാണാറുണ്ട്. 'ഒരുത്തൻ തർക്കിപ്പാൻ ഭാവിച്ചാൽ അങ്ങനെയുള്ള മര്യാദ ഞങ്ങൾക്കില്ല, ദൈവസഭകൾക്കുമില്ല എന്ന് ഓർക്കട്ടെ' (1 കൊരിന്ത്യർ 11:16) എന്നു പറഞ്ഞുകൊണ്ട്, മൂടുപടം എന്ന വിഷയം എല്ലാ ദൈവസഭകൾക്കുമുള്ളതാണെന്നും അത് സംബന്ധിച്ച് ഒരു തർക്കത്തിന്റെ ആവശ്യകതയില്ലെന്നും അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിട്ടുള്ളതാണ്.

ബ്യൂട്ടീഷനും വീഡിയോക്കാരും ഇതൊന്നും പഠിച്ചവരോ ഇതിനെക്കുറിച്ച് തർക്കിക്കാൻ വരുന്നവരോ അല്ല. അവർക്ക് ഒറ്റ നിബന്ധനയേയുള്ളൂ; കല്യാണപ്പെണ്ണിന്റെ മുഖം വ്യക്തമായി കാണണം. വധുവിന്റെ തലയിൽ തുണിയിട്ടാൽ, ബ്യൂട്ടീഷൻ കഷ്ടപ്പെട്ട് വരുത്തിയ കേശഭംഗി നാട്ടുകാർ കാണാതെ പോകും. മാത്രമല്ല, വധുവിന്റെ മുഖത്ത് തേച്ചുപിടിപ്പിച്ചിട്ടുള്ള സൗന്ദര്യവർദ്ധകവസ്തുക്കളുടെ *എഫക്റ്റും* ഇല്ലാതാകും. അതുകൊണ്ട് വധുവിന്റെ തലയുടെ ഉച്ചിയിൽ ബ്യൂട്ടീഷൻ കോരുവല പോലെ ഒരു നെറ്റ് പിടിപ്പിക്കും. അതിൽ തൃപ്തിപ്പെടണം.

ശുശ്രൂഷകളുടെ സമയത്ത്, വധുവിന്റെ തലയിൽ മറ്റൊരു തുണി ഇടാൻ ശ്രമിച്ചാൽ, ഉടനെ വീഡിയോഗ്രാഫർ ഇടപെടും: 'അത് മാറ്റ്, പെണ്ണിന്റെ മുഖം മറയുന്നു'. അതോടെ ആ കാര്യത്തിന് തീരുമാനമായി.

**യോഗ്യമായ വസ്ത്രം ഔട്ട്!**

വിപണിയിൽ ലഭ്യമായ, പുത്തൻ ഡിസൈനുകൾക്കനുസരിച്ചുള്ള വിവാഹവസ്ത്രങ്ങളാണ് വധു അണിയുക. ഇത് സംബന്ധിച്ച അന്തിമതീരുമാനം ബ്യൂട്ടീഷന്റേതായിരിക്കും. കയ്യില്ലാത്തത്, കഴുത്ത് വാവട്ടം കൂടിയത്, നിഴലടിക്കുംവിധം നെറ്റ് പിടിപ്പിച്ചത് ഇതെല്ലാമാണ് വിവാഹവസ്ത്രമായി തിരഞ്ഞെടുക്കപ്പെടുന്നത്. സാധാരണ ഉയരമുള്ള മേശ സ്റ്റേജിൽ ഇടാൻ വീഡിയോഗ്രാഫർമാർ അനുവദിക്കാറില്ല. സദസ്സിന് വധൂവരന്മാരെ വ്യക്തമായി കാണാൻ കഴിയാതെ പോകുമത്രേ! അതുകൊണ്ട്, ഉയരം കുറഞ്ഞ ടീപോയ് (teapoy) ആണ് ഇടുക. വിവാഹരജിസ്റ്റർ ആ ടീപോയിൽ വച്ചാണ് വധൂവരന്മാരെക്കൊണ്ട് ഒപ്പിടുവിക്കുന്നത്. യോഗ്യമല്ലാത്ത വസ്ത്രം ധരിച്ചുനിൽക്കുന്ന വധു, ആ ഉയരം കുറഞ്ഞ ടീപോയിൽവച്ചിരിക്കുന്ന രജിസ്റ്ററിൽ ഒപ്പിടാനായി വല്ലാതെ കുനിയേണ്ടിവരുന്നത് പലപ്പോഴും അരോചകമായി തോന്നാറുണ്ട്.

**ലജ്ജാശീലം ഔട്ട്!**

വീഡിയോക്കാരുടെ ലൗസീൻ ചിത്രീകരണസമയത്ത്, നമ്മുടെ മക്കൾ പ്രത്യേകിച്ച് നമ്മുടെ പെൺകൊച്ചുങ്ങൾ ലജ്ജാശീലം മാറ്റിവച്ച്, വീഡിയോക്കാരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് അഭിനയിച്ച് തകർക്കും. ശൃംഗാരഭാവം മുഖത്തും ശരീരത്തും പ്രകടമാക്കിക്കൊണ്ട് നമ്മുടെ മക്കൾ നടത്തുന്ന ഗംഭീരപ്രകടനം കണ്ട് വീഡിയോക്കാർ പുളകിതരായി ഇപ്രകാരം പറയാറുണ്ടത്രേ: 'പ്രാർത്ഥനക്കാരുടെ മക്കൾ ഒട്ടും മോശമല്ല'. സിനിമകളിലെ പാട്ടുസീനുകളും മറ്റ് ലൗസീനുകളും സ്ഥിരമായി കാണുന്നവർക്ക് ഇതൊക്കെ എന്ത്? നിസ്സാരം!

ഇപ്പോൾ എല്ലാം പാക്കേജ് ആണല്ലോ. വീഡിയോക്കാർക്കും പാക്കേജാണ്. മൊത്തം ഒരു തുക പറയും. അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ ഇതെല്ലാമാണ്: (1) സേവ് ദ ഡേറ്റ് (വിവാഹത്തിനുമുമ്പുള്ള ലൗസീൻ ചിത്രീകരണം); (2) മധുരംവയ്പ് (തലേരാത്രിയുള്ള ആഘോഷങ്ങൾ. വിശ്വാസികൾക്കാണെങ്കിൽ പ്രാർത്ഥനായോഗം); (3) വിവാഹനിശ്ചയം; (4) വിവാഹം; (5) ഫോട്ടോഷൂട്ട് (വിവാഹം കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞ്, നാണത്തിന്റെ കെട്ട് പരിപൂർണ്ണമായും വിട്ടുമാറിയ നവദമ്പതികളെയുംകൊണ്ട് പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ വച്ച് നടത്തുന്ന ലൗസീൻ ചിത്രീകരണം). എല്ലായിടത്തും നമ്മുടെ മക്കൾ അഭിനയിച്ചുതകർക്കുന്നു!

ഇതെല്ലാം കഴിഞ്ഞ്... ഒടുവിൽ.... ഠേ! തീർന്നു. ദൈവികപ്രമാണങ്ങൾ ലംഘിച്ചുകൊണ്ടുള്ള വിവാഹങ്ങളുടെയെല്ലാം ഗതി ഇതു തന്നെ!

**(തുടരും)**

**-എംവിഎസ്-** **Episode 6**

# ഒരുമിച്ച് 50 വർഷങ്ങൾ

**(കുടുംബജീവിതത്തിൽ 50 വർഷമോ അതിലധികമോ പൂർത്തിയാക്കിയ വിശ്വാസികളായ ദമ്പതികളുമായുള്ള അഭിമുഖം)**


ഡോ.പി.സി.എബ്രഹാം

**ഗിഡിയൻസ് ഇന്റർനാഷണലിന്റെ കേരള സ്റ്റേറ്റ് അസ്സോസിയേഷന്റെ പ്രസിഡണ്ട് ആണ് ഡോ. പി. സി. എബ്രഹാം. തൃശ്ശൂർ നെല്ലിക്കുന്ന് രെഹോബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻപ്രിൻസിപ്പാൾ ആണ്. അദ്ദേഹത്തിന്റെ ഭാര്യ ലില്ലി. രണ്ടുപേർക്കും 82 വയസ്സാണ്. കുടുംബജീവിതത്തിൽ 59 വർഷങ്ങൾ തികച്ചു അവർ മുന്നേറുന്നു.**

എന്റെ ചോദ്യങ്ങളും
അദ്ദേഹത്തിന്റെ മറുപടിയും:


ഡോ.പി.സി.എബ്രഹാം
ഭാര്യ ലില്ലിയും

*1. തൃശ്ശൂരിൽ പല ശുശ്രൂഷകൾ ചെയ്തിട്ടുണ്ടല്ലോ. തൃശ്ശൂരിലേക്ക് വരാനുണ്ടായ സാഹചര്യം?*

തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലാണ് ഞാൻ പഠിച്ചത്. പഠനം പൂർത്തിയാക്കിയ എനിക്ക് തൃശ്ശൂരിലെ ഗവൺമെമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ലക്ചറർ ആയി ജോലി കിട്ടി. 1966 ജൂലായ് മാസത്തിലാണ് ഞാൻ തൃശ്ശൂരിൽ വന്നത്.

*2. തൃശ്ശൂരിൽ അന്ന് ചെയ്ത ശുശ്രൂഷകൾ എന്തെല്ലാമാണ്?*

തിരുവനന്തപുരത്ത് ഞാൻ പഠിക്കുമ്പോൾ, കോളേജ്‌വിദ്യാർത്ഥികളുടെ ഇടയിൽ അവരെ ക്രിസ്തുവിങ്കലേക്ക് ആദായപ്പെടുത്തുന്നതിനായി ധാരാളം ആത്മികശുശ്രൂഷകൾ നടത്തുന്നുണ്ടായിരുന്നു. EU എന്ന സംഘടനയുടെ പ്രവർത്തനങ്ങൾ തിരുവനന്തപുരത്ത് ധാരാളം ഉണ്ടായിരുന്നു. എന്നാൽ തൃശ്ശൂർ വന്നപ്പോൾ അത്തരം കാര്യങ്ങളൊന്നും ഇവിടെ ഇല്ല എന്നു മനസ്സിലായി.

അതുകൊണ്ട് അത്തരം പ്രവർത്തനങ്ങൾ വടക്കൻകേരളത്തിൽ ആരംഭിക്കണമെന്ന് ഞാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ചു. തൃശ്ശൂരിലെ എല്ലാ

കോളേജുകളും സന്ദർശിച്ച് അവിടെ പ്രെയർസെല്ലുകളും ബൈബിൾ സ്റ്റഡി ഗ്രൂപ്പുകളും രൂപീകരിച്ചു. അതിലൂടെ പലരും കർത്താവിങ്കലേക്ക് കട ന്നുവന്നു. തുടർന്ന് പാലക്കാടുള്ള കോളേജുകളിലേക്ക് കടന്നുപോയി. ഏക ദിന ക്യാമ്പുകളും മറ്റു യോഗങ്ങളും സംഘടിപ്പിച്ചു. അവിടെയെല്ലാം കുട്ടി കൾ ധാരാളമായി കടന്നുവന്നു. അനുഗ്രഹിക്കപ്പെട്ട ഒരു ഉണർവിന്റെ കാല യളവായിരുന്നു അത്.

*3. ബഹറിനിലെ ജീവിതത്തെപ്പറ്റി?*

1976 ൽ ഞങ്ങൾ തൃശ്ശൂരിൽനിന്ന് ബഹറിനിലേക്ക് പോയി. ഒരു മൾട്ടി സ്റ്റോറി–മൾട്ടി മില്യൻ പ്രോജക്ടിന്റെ പ്രൊജക്റ്റ് എഞ്ചിനീയർ ആയി രണ്ട് വർഷം അവിടെ ജോലി ചെയ്തു. പിന്നീട് 16 വർഷം അവിടത്തെ ഗവൺ മെന്റ് മിനിസ്ട്രിയിൽ പുതിയ ടൗൺഷിപ്പ് വികസിപ്പിക്കുന്നതുമായി ബന്ധ പ്പെട്ട പ്രൊജക്ടിന്റെ ചുമതലയായിരുന്നു. പിന്നീട് 27 വർഷം ബഹറിൻ ഗവൺമെന്റിന്റെ റോഡ് വികസന വിഭാഗത്തിലായിരുന്നു. അവിടെയുള്ള ഹൈവേ, പാലങ്ങൾ, റോഡുകൾ, ഫ്ളൈഓവർ എന്നിവയുടെയെല്ലാം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊജക്ടിന്റെ ചുമതലയായിരുന്നു.

അവിടെയായിരുന്നപ്പോഴും ആത്മികശുശ്രൂഷകൾക്കുള്ള അവസരങ്ങൾ ഒരുപാട് ലഭിച്ചു. അവിടെയുള്ള സഭയോട് ചേർന്ന് അവിടെയുള്ള ചെറുപ്പ ക്കാർക്ക് പല ആലോചനകൾ കൊടുക്കാനും ബൈബിൾക്ലാസ്സുകൾ എടു ക്കാനും കഴിഞ്ഞു. അവിടെയുള്ള യൂത്ത് ഫോർ ക്രൈസ്റ്റ്, ചൈൽഡ് ഇവാ ഞ്ചലിസം ഫെലോഷിപ്പ്, വൈ.എം.സി.എ. എന്നിവയുടെ പ്രവർത്തനങ്ങളി ലെല്ലാം പങ്കാളിയായി.

ബഹറിൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷന്റെ ചുമതലയും പല വർഷങ്ങൾ വഹിച്ചു. ഗിഡിയൻസ് ഇന്റർനാഷണലുമായി ചേർന്നും അനേകം വർഷങ്ങൾ അവിടെ പ്രവർത്തിച്ചു. ബഹറിനിൽ താമസിച്ചു കൊണ്ട് നെല്ലിക്കുന്നുള്ള രെഹോബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂ ട്ടിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ചു. മനാമ ബ്രദറൺസഭയുടെ എൽഡ റായി 35 വർഷത്തോളം പ്രവർത്തിച്ചു. 2021 ലാണ് കേരളത്തിലേക്ക് മടങ്ങി വന്നത് – 45 വർഷങ്ങൾക്കുശേഷം.

*4. സ്വന്ത സ്ഥലം ഏതാണ്? പഠനം എവിടെയെല്ലാം?*

ചെങ്ങന്നൂരിന്നടുത്ത് കല്ലിശ്ശേരിയാണ് ഞാൻ ജനിച്ചതും വളർന്നതും. അവിടെ ആദ്യം പഠിച്ചു. പിന്നീട് തിരുവല്ല മർതോമാകോളേജിൽ പോയി പഠിച്ചു. തുടർന്ന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ചു. ബാങ്കോക്കിൽ ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, തായ്‌ലന്റ്.. അവി ടെയും പഠിച്ചു.

*5. എന്നായിരുന്നു വിവാഹം?*

1967 ജനുവരി 2 നായിരുന്നു ഞങ്ങളുടെ വിവാഹം. അതായത്, 59 വർഷങ്ങൾക്കു മുമ്പ്.

*6. മക്കൾ?*

മക്കൾ നാല് പേരാണ്. മൂന്ന് ആൺമക്കൾ കുടുംബമായി അമേരിക്കയിലുണ്ട്. ഒരു മകൾ ബാംഗ്ലൂരുണ്ട്. അവൾ കുടുംബമായി ദൈവികശുശ്രൂഷയിൽ മുന്നോട്ടുപോകുന്നു. ഞങ്ങളുടെ നാലു മക്കളും വിശ്വാസികളാണ്. എല്ലാവരും ശുശ്രൂഷയിലുമാണ്. മകൾ പൂർണ്ണസമയവേലയ്ക്കുവേണ്ടി അമേരിക്കയിൽ നിന്ന് ബാംഗ്ലൂരിൽ വന്ന് താമസിക്കുന്നു.

*7. കുടുംബജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ടോ?*

കുടുംബജീവിതത്തിൽ പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം പരസ്പരം ഇരുന്ന് ചർച്ച ചെയ്ത് പരിഹരിക്കും. അതാണ് ഞങ്ങളുടെ രീതി.

*8. ദുർന്നടപ്പ് ഒഴിവാക്കാൻ കുടുംബജീവിതം നല്ലത് എന്ന് ബൈബിൾ പറയുന്നു (1 കൊരി. 7:2). പക്ഷേ കുടുംബജീവിതം നയിക്കുന്ന വിശ്വാസികൾ ദുർന്നടപ്പിൽ പിടിക്കപ്പെടുന്നു. ഇതിനെക്കുറിച്ച് എന്താണ് അഭിപ്രായം?*

ഇതിനുള്ള ഒറ്റവാക്കിലുള്ള മറുപടി 'അത് വലിയ കഷ്ടം' എന്നാണ്. ദുർന്നടപ്പിലേക്ക് പോകുന്നതിനുള്ള സാഹചര്യം പലതാകാം. ആ സാഹചര്യങ്ങൾ ഒഴിവാക്കണം. സ്നേഹം കൊടുക്കാനും വാങ്ങിക്കാനും ഭാര്യാഭർത്താക്കന്മാർക്ക് കഴിയുമെങ്കിൽ പിന്നെ മറ്റൊരിടത്തേക്ക് സ്നേഹത്തിനു വേണ്ടി നോക്കേണ്ട ആവശ്യം വരുന്നില്ല. ദുർന്നടപ്പ് ദൈവജനത്തിന്റെ മദ്ധ്യേ ഒട്ടും ശോഭനീയമായ കാര്യമല്ല. സഭയ്ക്ക് അത് നാണക്കേടാണ്. മക്കളുടെ മുമ്പിൽ അത് വലിയൊരു പ്രശ്നമാണ്. മക്കൾക്ക് മാതൃകയായി ജീവിക്കേണ്ട മാതാപിതാക്കൾ ദുർമാതൃകകളാകുമ്പോൾ, മക്കളുടെ കുടുംബജീവിതവും തകർന്നുപോകാൻ സാധ്യതയുണ്ട്.

*8. വിശ്വാസികളുടെ ഇടയിൽ യുവതലമുറയുടെ കുടുംബജീവിതം പെട്ടെന്ന് തകരുന്നതായി കാണുന്നു. കുടുംബജീവിത്തിന്റെ കെട്ടുറപ്പിന് എന്തെല്ലാം ഉപദേശങ്ങളാണ് അവർക്ക് കൊടുക്കാനുള്ളത്?*

ദൈവമക്കൾ തമ്മിലാണ് വിവാഹം കഴിക്കേണ്ടത്. അവിശ്വാസികളുമായി ഇണയില്ലാപ്പിണ കൂടരുത് എന്ന് ദൈവവചനത്തിൽ എഴുതിയിരിക്കുന്നുവല്ലോ. അതുകൊണ്ട് വിവാഹം നടക്കുന്നതിനു മുമ്പ് തനിക്ക് ലഭിക്കാൻ പോകുന്ന തുണ ദൈവവചനപ്രകാരമുള്ള തുണയാണോ എന്ന് ഉറപ്പുവരുത്തണം.

ദൈവമക്കൾ തമ്മിലുള്ള കുടുംബജീവിതം തകരേണ്ട ആവശ്യമില്ല. പിന്നെ, തകരുന്നതിന്റെ കാരണങ്ങൾ ചോദിച്ചാൽ, ഭാര്യയ്ക്ക് ഭർത്താവിന്റെ നേതൃത്വത്തിന് കീഴടങ്ങുവാൻ മനസ്സില്ലാതെ വരിക, ഭർത്താവിന് ഭാര്യയെ ആത്മാർത്ഥമായി സ്നേഹിക്കാൻ സാധിക്കാതെ വരിക എന്നിങ്ങനെയെല്ലാം വന്നാൽ കുടുംബജീവിതം തകരും. ദൈവഭയമില്ലാത്ത കുടുംബജീവിതങ്ങൾ തകരാൻ സാധ്യതയുണ്ട്. ദൈവം എല്ലാം കാണുന്നുണ്ട്. നമ്മുടെ ചിന്തകളും ജീവിതത്തിലെ എല്ലാ രഹസ്യകാര്യങ്ങളും ദൈവം കാണുന്നുണ്ട് എന്ന ബോധം നമ്മെ ഭരിച്ചാൽ കുടുംബത്തകർച്ചയിൽനിന്ന് രക്ഷപ്പെടാൻ കഴിയും.

ദൈവം വളരെയധികം പ്രതീക്ഷയോടെയാണ് കുടുംബജീവിതം വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വ്യക്തിയും കുടുംബജീവിതത്തിൽ പ്രവേശിക്കുന്നതും വളരെയധികം പ്രതീക്ഷയോടുകൂടിയാണ്. തകരണം എന്ന ആഗ്രഹത്തോടെ ആരും കുടുംബജീവിതം ആരംഭിക്കുന്നില്ല. ദൈവവചന പ്രകാരം കുടുംബജീവിതം നയിക്കണം. ഞാനാണ് വലിയവൻ എന്ന ചിന്ത (ഈഗോ) ഒഴിവാക്കണം. സ്വാർത്ഥത ഒഴിവാക്കണം. ക്ഷമിക്കേണ്ടിടത്ത് ക്ഷമിക്കണം. കീഴടങ്ങേണ്ടിടത്ത് കീഴടങ്ങണം. അങ്ങനെയുള്ള കുടുംബജീവിതങ്ങളെ ദൈവം തീർച്ചയായും അനുഗ്രഹിക്കും. ❍

## കാർട്ടൂൺ പരമ്പര ഈ ലക്കം മുതൽ..

വിശ്വാസികൾ നടത്തുന്ന മാസിക എങ്ങനെയായിരിക്കണം എന്നതിനെപ്പറ്റി ചില അലിഖിത നിയമങ്ങൾ ദൈവമക്കളുടെ മദ്ധ്യേ ഉണ്ട്. അതിനെയെല്ലാം മാറ്റിമറിച്ചുകൊണ്ടാണ് റിയൽ ലൈഫ് വോയ്സിന്റെ യാത്ര.

ചിന്തകൾ പന്തങ്ങളാകുമ്പോൾ, ഇമ്മാനുവിന്റെ സംശയങ്ങൾ, കൊച്ചുണ്ണിയുടെ ബൈബിൾ വായന, സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ, ചെറുകഥ, ബൈനോക്കുലർ, ഓരോരോ ജന്മങ്ങള്, തട്ടും തലോടലും, ഒരുമിച്ച് 50 വർഷങ്ങൾ എന്നീ വൈവിധ്യമാർന്ന പംക്തികൾ അവതരിപ്പിച്ചത് അങ്ങനെയാണ്. ഇതുപോലെ പാരമ്പര്യത്തിൽനിന്നു വഴി മാറി സഞ്ചരിച്ച ക്രിസ്തീയമാസിക കേരളത്തിൽ വേറെ കാണാൻ വഴിയില്ല. (പേജുകൾ കുറവായതുകൊണ്ട് എല്ലാ മാസവും എല്ലാ പംക്തിയും കൊടുക്കാൻ കഴിയാറില്ലെന്നു മാത്രം)

ഈ ലക്കം മുതൽ പുതിയൊരു പംക്തി ആരംഭിക്കുകയാണ്. ഒരു കാർട്ടൂൺ പരമ്പരയാണത്. ഇത്തരത്തിലൊരു കാർട്ടൂൺപരമ്പര പ്രസിദ്ധീകരിക്കണം എന്നുള്ളത് എന്റെ ദീർഘകാലത്തെ ആഗ്രഹമായിരുന്നു. ഇന്ന് അതും സാധിച്ചിരിക്കുന്നു. ദൈവത്തിനു സ്തോത്രം! (എഡിറ്റർ)

# ഓരോരോ ജന്മങ്ങള്!

22

-എംവിഎസ്-

## പൂജാരിയെ പറ്റിച്ചു!

പറ്റിക്കാൻ നടക്കുന്നവർക്ക് ദൈവമെന്നോ പൂജാരിയെന്നോ പുരോഹിതനെന്നോ പാസ്റ്ററെന്നോ ഉള്ള വകഭേദമില്ലാതായിരിക്കുന്നു. ഏകദേശം 5 കോടി ജനങ്ങൾ ഓരോ വർഷവും സന്ദർശിച്ച് സായൂജ്യമടയുന്ന ശബരിമലയിൽ നിന്ന് 5 കോടി വിലവരുന്ന സ്വർണ്ണം അടിച്ചുമാറ്റി! ഭക്തജനങ്ങളല്ല. പ്രൊഫഷണൽ കള്ളന്മാരുമല്ല. അവിടത്തെ നടത്തിപ്പുകാർ അഥവാ ചുമതലക്കാർ ആണ് അത് ചെയ്തത്. സദാസമയവും അയ്യപ്പസ്വാമിയുടെ സന്നിധാനത്തിൽ കഴിയുന്നവർക്ക് അയ്യപ്പസ്വാമിയിൽ വിശ്വാസമില്ല! അയ്യപ്പസ്വാമിയെ പേടിയുമില്ല!

2026 മാർച്ച് 5 ലെ ഒരു പത്രവാർത്ത നോക്കൂ:

> പൂജാരിയുടെ വീട്ടിൽ നിന്ന് സ്വർണ്ണം മോഷ്ടിച്ച കേസിൽ യുവതി അറസ്റ്റിൽ. പൂജാരിയുമായി സൗഹൃദം സ്ഥാപിച്ചശേഷം അദ്ദേഹത്തിന്റെ വീട്ടിൽ പ്രശ്നപരിഹാരത്തിനെത്തി 12 പവൻ സ്വർണ്ണാഭരണങ്ങൾ മോഷ്ടിച്ച കേസിൽ 26 വയസ്സുള്ള യുവതി അറസ്റ്റിലായി. കൊടകരയാണ് സംഭവം.

പൂജാരിയുടെ വീട്ടിൽ തന്റെ സ്വന്തം പ്രശ്നപരിഹാരത്തിനെത്തിയ യുവതി പൂജാരിയുടെ ജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചത് നല്ല തമാശ തന്നെ. ഇടയ്ക്കിടെ പൂജാരിയുടെ വീട്ടിൽ ഈ യുവതി എത്താറുണ്ടത്രേ! ഏതായാലും യുവതി തന്റെ പ്രശ്നങ്ങൾ പരിഹരിക്കുക തന്നെ ചെയ്തു, എങ്ങനെയെന്നാൽ മോഷ്ടിച്ച ആഭരണങ്ങൾ വിറ്റു കിട്ടിയ പണംകൊണ്ട് പുതിയ സ്വർണ്ണാഭരണങ്ങളും ഗൃഹോപകരണങ്ങളും വാങ്ങി. പണയം വച്ചിരുന്ന ആഭരണങ്ങൾ തിരിച്ചെടുത്തു. അങ്ങനെ പൂജാരിയെ സന്ദർശിച്ച് സ്വന്തം പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കി! മിടുക്കിയാണവൾ! മിടുക്ക് കുറച്ച് കൂടിപ്പോയോ എന്നു മാത്രമേ സംശയമുള്ളൂ.

യുവതിയുടെ പ്രശ്നങ്ങൾക്ക് യുവതി സമീപിച്ചത് പൂജാരിയെ; പൂജാരിയുടെ പ്രശ്നങ്ങൾക്ക് അദ്ദേഹം സമീപിച്ചത് കൊടകര പൊലീസിനെ! അപ്പോൾ ആരാണ് പ്രശ്നപരിഹാരത്തിന് അത്യുത്തമം? പൂജാരിയോ, പോലീസോ? രോഗത്തിൽനിന്ന് വിടുതൽ കിട്ടാൻ ചിലർ ആൾദൈവങ്ങളെയും അത്ഭുതരോഗിശാന്തിക്കാരെയും സമീപിക്കുന്നു. അവർക്ക് അസുഖം വന്നാലോ, അവർ ഡോക്ടറെ സമീപിക്കുന്നു! ഓരോരോ ജന്മങ്ങള്! ❍


1
എലക്ഷൻ വന്നപ്പോ ആർക്ക് ഓട്ട് ചെയ്യണം എന്നൊരു കൺഫ്യൂഷൻ
2
ഒരു കൂട്ടർ വർഗ്ഗീയത മുറുകെപ്പിടിച്ച്, ഒപ്പം നിൽക്കാത്തവരെ ഒതുക്കുന്നവർ
രണ്ടാമത്തെ കൂട്ടർ കട്ടുമുടിക്കലും ഗുണ്ടായിസവും
അടുത്ത ടീം അഴിമതിയും തമ്മിൽ തല്ലും!
4
ഞാൻ ഓട്ട് ചെയ്യാൻ പോയില്ല
ഞാൻ നോട്ടയ്ക്ക് ചെയ്തു.
5
രാജ്യദ്രോഹികളേ തെറ്റാണ്!!
6
ഞങ്ങൾ രാജ്യസ്നേഹികളാണ്. ആദ്യം സ്വന്തം കണ്ണിലെ കോൽ കളയൂ സുഹൃത്തേ!
7
അധികാരം കിട്ടിയാൽ അഴിമതിയും ധൂർത്തും!
അന്തം കമ്മി, അന്തം കൊങ്ങി, അന്തം സംഘി എന്നീ വിഭാഗത്തിൽ പെടാത്തവരായി ധാരാളമാളുകൾ നാട്ടിലുണ്ടെന്ന് രാഷ്ട്രീയക്കാർ തിരിച്ചറിയുന്ന കാലത്ത് നമ്മുടെ നാട് രക്ഷപ്പെടും.

## www.reallifevoice.in

**ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളൂടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

Press Registrar of General of India under No. KERMAL/2012/54719

Price: Rs.5/-

**ആനുകാലികം**

## ഭാര്യ വേലക്കാരിയല്ല

പല വീടുകളിലും ഭാര്യയ്ക്ക് വേലക്കാരിയുടെ സ്ഥാനമാണുള്ളത്. ഭർത്താവിന്റെയും ഭർത്തൃബന്ധുക്കളുടെയും ആട്ടും തുപ്പും സഹിച്ചാണ് പലരും കഴിയുന്നത്. താൻ വിചാരിച്ച സമയത്ത് ചായ കിട്ടിയില്ലെങ്കിൽ ഭാര്യയെ വലിച്ചിട്ടു തല്ലുന്ന ഭർത്താവ്, ചായ സമയത്ത് കിട്ടാത്തതിന് മരുമകളെ വെട്ടിക്കൊന്ന അമ്മായമ്മ... ഇത്തരത്തിലുള്ള പാഴ്ജന്മങ്ങൾക്കെല്ലാം മുന്നറിയിപ്പ് കൊടുത്തുകൊണ്ട് സുപ്രീംകോടതി പറഞ്ഞു: ഭാര്യ വേലക്കാരിയല്ല.

> വിവാഹം ചെയ്യുന്നത് വേലക്കാരിയാക്കാൻ അല്ലെന്നു സുപ്രീംകോടതി. വിവാഹം ചെയ്തെന്നു കരുതി ഭാര്യ വീട്ടുജോലി മുഴുവൻ ചെയ്യണോ? ഭാര്യയ്ക്കെതിരെ വിവാഹമോചന ഹർജി ഫയൽ ചെയ്ത ഭർത്താവിനോട്, ഇത് പണ്ടത്തെ കാലമല്ല മിസ്റ്റർ എന്നു സുപ്രീംകോടതി. വിവാഹം ചെയ്യുന്നത് വേലക്കാരിയാക്കാനല്ലെന്നും അടുക്കളക്കാര്യങ്ങളിൽ ഭർത്താവും പങ്കാളിത്തം വഹിക്കണമെന്നും കോടതി പറഞ്ഞു. **(2026 മാർച്ച് 21 ലെ പത്രവാർത്ത)**

ഭാര്യമാരെ അടുക്കളയിൽ സഹായിക്കുന്ന ഭർത്താക്കന്മാർ തീർച്ചയായും ഉണ്ട്. പക്ഷേ ഞാൻ ഇക്കാര്യത്തിൽ പുറകിലാണ്. ചിലപ്പോഴൊക്കെ സഹായിച്ചെങ്കിൽ ആയി, അത്രമാത്രം. സമയക്കുറവു നിമിത്തമാണ്. പുലർച്ച അഞ്ചരയാകുമ്പോഴേക്കും ജോലിക്കു പോകുന്ന എനിക്ക് അടുക്കളയിൽ കയറി സഹായിക്കാൻ സമയം കിട്ടാറില്ല. ഇനി അതല്ലെങ്കിൽ മാസികാപ്രവർത്തനം ബൈബിൾക്ലാസ്സുകൾ എന്നീ തിരിക്കുകൾ ഉണ്ട്. പക്ഷേ ഭാര്യയെ വേലക്കാരിയായി ഞാൻ കാണാറില്ല. ചായ തന്നില്ലെന്നോ ചോറ് തന്നില്ലെന്നോ പറഞ്ഞ് വഴക്ക് കൂടാറില്ല. അതിനുള്ള അവസരം ഭാര്യയുടെ ഭാഗത്തുനിന്ന് ഉണ്ടാകാറില്ല എന്നതും പ്രസ്താവ്യയോഗ്യം തന്നെ. പരസ്പരം സ്നേഹിച്ചുകൊണ്ടുള്ള കുടുംബജീവിതം മനോഹരം തന്നെയാണ്. ❍

---

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V